## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 2659**

**19/02/2016 ൽ**
**മറുപടിയ്ക്ക്**

## ബി.ടെക്. എം. ടെക് ഒന്നാം സെമസ്റ്റർ പരീക്ഷകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ | ശ്രീ. പി. കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) എ. പി. ജെ അബ്ദുൾ കലാം ശാസ്ത്രസാങ്കേതിക സർവ്വകലാശാല തുടങ്ങാനിരുന്ന ബി.ടെക്., എം. ടെക് ഒന്നാം സെമസ്റ്റർ പരീക്ഷകൾ താറുമാറാകാൻ കാരണം എന്തെന്ന് വ്യക്തമാക്കുമോ; | (എ) എ. പി. ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല വെബ് എനേബിൾഡ് എക്സാമിനേഷൻ മാനേജ്മെന്റ് സംവിധാനത്തിൽ കൂടിയാണ് പരീക്ഷകൾ നടത്താൻ തീരുമാനിച്ചിരുന്നത്. അതു സംബന്ധിച്ചുള്ള നടപടികളും കൈക്കൊണ്ടിരുന്നു. എന്നാൽ വിദ്യാർത്ഥി - അദ്ധ്യാപക സമൂഹത്തിന്റെ ആശങ്കകളുടെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശ പ്രകാരം പ്രസ്തുത സംവിധാനം ഒന്നാം സെമസ്റ്റർ പരീക്ഷകൾക്ക് നടപ്പിലാക്കേണ്ടതില്ല എന്ന് തീരുമാനിച്ചു. പകരം സംവിധാനം ഒരുക്കുന്നതിലുള്ള കാല താമസം കാരണമാണ് ബി. ടെക്., എം. ടെക് പരീക്ഷകൾ മാറ്റിവച്ചത്. ബി. ടെക് പരീക്ഷകൾ പുതുക്കിയ സമയക്രമ മനുസരിച്ച് നടത്തുകയും ഉത്തര കടലാസ് പരിശോധന പൂർത്തീകരി ക്കുകയും ചെയ്തു. എം. ടെക് പരീക്ഷകൾ നടത്താനുള്ള സമയക്രമം നിശ്ചയിച്ചുവരുന്നു. |
| (ബി) പ്രസ്തുത സർവ്വകലാശാല ബി.ടെക്. എം. ടെക് പരീക്ഷ നടത്തിപ്പും, മൂല്യനിർണ്ണയവും സ്വകാര്യ കമ്പനിക്ക് പുറം കരാർ നൽകിയോ; ആയത് ഏത് സ്വകാര്യ കമ്പനിക്ക്; ഇതുമായി ബന്ധപ്പെട്ട് ടി സർവ്വകലാശാല എന്തു തുക പ്രസ്തുത സ്വകാര്യ കമ്പനിക്ക് നാളിതുവരെ നൽകി; | (ബി) സർവ്വകലാശാല വെബ് എനേബിൾഡ് എക്സാമിനേഷൻ മാനേജ്മെന്റ് സിസ്റ്റം എന്ന രീതിയിലുള്ള പരീക്ഷാനടത്തിപ്പിനു വേണ്ടി ഇ-ടെൻഡർ മുഖേന ടെൻഡർ ക്ഷണിക്കുകയും ലഭിച്ച ടെൻഡറുകളുടെ അടിസ്ഥാനത്തിൽ ടെക്നിക്കൽ, ഫിനാൻഷ്യൽ, ബിഡുകൾ |

ഇനി എന്തു തുക നൽകാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ ;

വിലയിരുത്തി കുറഞ്ഞ തുക പറഞ്ഞിരുന്ന മെറിട്രാക്ക് എന്ന കമ്പനിയ്ക്ക് 'ലെറ്റർ ഓഫ് അക്സപ്റ്റൻസ്' നൽകിയിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് കമ്പനിയുമായി കരാർ ഒന്നും ഒപ്പിട്ടിരുന്നില്ല. കമ്പനിയ്ക്ക് സർവ്വകലാശാല തുകയൊന്നും നൽകിയിട്ടില്ല.

(സി) വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ തകർക്കുന്ന വിധത്തിലുള്ള ശാസ്ത്രസാങ്കേതിക സർവ്വകലാശാലയുടെ ഇപ്പോഴത്തെ പ്രവർത്തനശൈലി അടിയന്തിരമായി തിരുത്തുവാനും പ്രസ്തുത സർവ്വകലാശാല പരീക്ഷാനടത്തിപ്പും, മൂല്യനിർണ്ണയവും പുറം കരാർ നൽകാതിരിക്കുവാനും ആവശ്യമായ എന്ത് നടപടി സർക്കാർ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(സി) പരീക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ട് ഉയർന്ന ആശങ്കകളുടെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശപ്രകാരം വെബ് എനേബിൾഡ് എക്സാമിനേഷൻ മാനേജ്മെന്റ് സിസ്റ്റം എന്ന രീതിയിലുള്ള പരീക്ഷാനടത്തിപ്പ് പിൻവലിക്കുക യുണ്ടായി.

(ഡി) ഇതുമായി ബന്ധപ്പെട്ട് പ്രസ്തുത സർവ്വകലാശാല വൈസ് ചാൻസലറോട് ബഹു. ഗവർണ്ണർ വിശദീകരണം ആരാഞ്ഞിരുന്നോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

(ഡി) പരീക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ട് ലഭിച്ച വിവിധ പരാതികളുടെ അടിസ്ഥാനത്തിൽ ബഹു. ഗവർണ്ണർ സാങ്കേതികസർവ്വകലാശാല വൈസ് ചാൻസിലറോട് വിശദാംശം ആവശ്യപ്പെടുകയും ഇതു സംബന്ധിച്ച് സർവ്വകലാശാല നാളിതുവരെ സ്വീകരിച്ച കാര്യങ്ങൾ ബഹു. ഗവർണ്ണറെ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ